സ്പെഷ്യലിസ്റ്റ് വേറെയുണ്ട്. ആവശ്യമായ ഡോക്ടർമാരെ നിയമിച്ചിട്ടുണ്ട്. പക്ഷേ ബഹുമാനപ്പെട്ട മെമ്പർ ഇവിടെ സൂചിപ്പിച്ചതുപോലെ ബുദ്ധിമുട്ടുകളും പല കാര്യത്തിലുമുണ്ട്. അത് എക്സ്പാൻഷൻകൊണ്ടല്ലാതെ പരിഹരിക്കാൻ സാദ്ധ്യമല്ല. കളക്ടറോട് പുതിയ കെട്ടിടം പണിയാൻ സ്ഥലം നിർദ്ദേശിക്കാൻ പറഞ്ഞിട്ടുണ്ട്. പുതിയ കെട്ടിടം താമസിയാതെ പണിയാനുള്ള നടപടികളും സ്വീകരിക്കും. മറ്റ് അത്യാവശ്യമായി ചെയ്യേണ്ട കാര്യങ്ങളിൽ വൈകാതെ നടപടി സ്വീകരിക്കുന്നതായിരിക്കും.

(5) ചീയമ്പം, പാമ്പ്ര കാപ്പിത്തോട്ടങ്ങളിലെ തൊഴിലാളികളുടെ ജോലിസ്ഥിരത

ശ്രീ. കെ.കെ. രാമചന്ദ്രൻമാസ്റ്റർ: സർ, വയനാട് ജില്ലയിൽ വനം വകുപ്പിന്റെ കീഴിൽ ചീയമ്പം, പാമ്പ്ര എന്നീ രണ്ടു കാപ്പിത്തോട്ടങ്ങളുണ്ട്. ആ കാപ്പിത്തോട്ടങ്ങളിലെ തൊഴിലാളികളുടെ സ്ഥിതി വളരെ ശോചനീയമാണ്. വേലിതന്നെ വിള തിന്നുന്നു എന്നു പറഞ്ഞ മാതിരി തൊഴിൽനിയമങ്ങളും സർക്കാർതോട്ടങ്ങളിൽത്തന്നെ ലംഘിക്കപ്പെടുന്നു. ഒൻപതുവർഷമായി ജോലി ചെയ്യുന്ന ബഹുഭൂരിപക്ഷവും പാവപ്പെട്ട ആദിവാസിത്തൊഴിലാളികളുള്ള ആ രണ്ടു തോട്ടങ്ങളിലും ഇതുവരേയും ഒരു തൊഴിലാളിയെപ്പോലും സ്ഥിരപ്പെടുത്തിയിട്ടില്ല. 300-ൽ അധികം തൊഴിലാളികളാണ് അവിടെയുള്ളത്. കൊല്ലം മുഴുവൻ അവർക്ക് ജോലി കിട്ടുന്നില്ല. ആ തൊഴിലാളികൾക്ക് അഞ്ചോ ആറോ മാസമാണ് ജോലി കിട്ടുന്നത്. അവർ പട്ടിണിയിലാണ്. ഇതിന് അടിയന്തിരമായി പരിഹാരമുണ്ടാക്കണം. അന്വേഷിക്കുമ്പോൾ സർക്കാർ പറയുന്നത് പണമില്ല എന്നാണ്. പണമില്ലെങ്കിൽ ഒന്നുകിൽ പണമുണ്ടാക്കണം, അല്ലെങ്കിൽ കെ.എഫ്.ഡി.സി. യെക്കൊണ്ടോ പ്ലാന്റേഷൻ കോർപ്പറേഷനെക്കൊണ്ടോ ആ തോട്ടം ഏറ്റെടുപ്പിക്കാനുള്ള ഏർപ്പാടുകളുണ്ടാക്കണം. അവിടെ പാവപ്പെട്ട ആദിവാസിതൊഴിലാളികൾക്ക് തൊഴിൽ കൊടുത്തില്ലെങ്കിൽ അവിടെ പട്ടിണിമരണങ്ങളുണ്ടാകും. അതുകൊണ്ട് അവർക്ക് തൊഴിൽ കൊടുക്കാനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

വനംവകുപ്പു മന്ത്രി (ശ്രീ. കെ.പി. നൂറുദ്ദീൻ): സർ, ഈ കാപ്പിത്തോട്ടമാരംഭിക്കുന്ന അവസരത്തിൽ അതിനുവേണ്ടി ഉണ്ടാക്കിയ പ്രോജക്ട് റിപ്പോർട്ടനുസരിച്ച് 500 ഹെക്ടർ സ്ഥലത്ത് തോട്ടങ്ങളുണ്ടാക്കാനാണ് ഉദ്ദേശിച്ചത്. അത്രയും ഹെക്ടർ സ്ഥലത്ത് തോട്ടങ്ങളുണ്ടാകുമ്പോൾ ജോലികിട്ടാൻ പാകത്തിൽ ആൾക്കാരെയെല്ലാം പഴയകാലത്തുതന്നെ ജോലിയിലുമെടുത്തിരുന്നു. പക്ഷേ നമ്മുടെ പുതിയ വന സംരക്ഷണ നയത്തിന്റെ അടിസ്ഥാനത്തിൽ, ഇനി വനഭൂമി ഇതുപോലുള്ള ആവശ്യങ്ങൾക്ക് വെട്ടിത്തെളിച്ചുകൂടാ എന്നതിന്റെ അടിസ്ഥാനത്തിൽ 500 ഹെക്ടറിൽ 330 ഹെക്ടറിൽ മാത്രമേ ഇപ്പോൾ കാപ്പികൃഷി നടത്തുന്നുള്ളൂ. ഇതിന്റെ ഫലമായിട്ട് തൊഴിലാളികൾക്ക് ജോലി കിട്ടാൻ ചില പ്രയാസങ്ങളുണ്ടായിട്ടുണ്ട്. ഏതായിരുന്നാലും ഇനി ഈ തോട്ടം

LIBRARY ARCHIVES Kerala Legislative Assembly

ഒന്നുകിൽ എക്.എഫ്.ഡി.സി.ക്ക് അല്ലെങ്കിൽ പ്ലാന്റേഷൻ കോർപ്പറേഷന് വിട്ടുകൊടുക്കണമെന്ന ബഹുമാനപ്പെട്ട മെമ്പറുടെ അഭിപ്രായത്തോട് ഗവൺമെന്റിന് അനുകൂലമായ അഭിപ്രായമാണുള്ളത്. ഇതുസംബന്ധിച്ച് ഇതിനകം ചില ചർച്ചകളും നടത്തിയിട്ടുണ്ട്. ആ ചർച്ചകളുടെ വെളിച്ചത്തിൽ ചില നടപടികളുമായി മുന്നോട്ടു പോവുകയാണ്. വളരെതാമസിയാതെ അതിന്റെ തീരുമാനങ്ങളുണ്ടാകും. അതിനുമുമ്പായിട്ട് നിലവിലുള്ള തൊഴിലാളികൾക്ക് ജോലി കൊടുക്കുന്നതിനാവശ്യമായ നടപടികളും സ്വീകരിക്കുന്നതാണ് എന്നറിയിക്കാൻ ഞാനാഗ്രഹിക്കുന്നു.

(6) ഹരിജൻ ഡെവലപ്പ്മെന്റ് കോർപ്പറേഷന്റെ പ്രവർത്തനം

ശ്രീ. കെ.കെ. ബാലകൃഷ്ണൻ: നമ്മുടെ സംസ്ഥാനത്തെ 25 ലക്ഷത്തോളം വരുന്ന ഹരിജനങ്ങളുടേയും ഗിരിജനങ്ങളുടേയും പുരോഗതിക്കുവേണ്ടി 1972–ൽ രൂപീകരിച്ച ഹരിജൻ ഡെവലപ്പ്മെന്റ് കോർപ്പറേഷന്റെ ശോചനീയമായ അവസ്ഥ ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്താൻ ഞാനാഗ്രഹിക്കുകയാണ്. പല പദ്ധതികളും അവർക്കുവേണ്ടി കോർപ്പറേഷൻ തയ്യാറാക്കിയിട്ടുണ്ടെങ്കിലും കാര്യക്ഷമമായി യാതൊന്നും അവിടെ നടക്കുന്നില്ല. അവിടെ ചെറുകിട വ്യവസായത്തിനും കച്ചവടത്തിനും ലോൺ കൊടുക്കുന്ന പദ്ധതികളുണ്ട്. അത് നടപ്പിലാക്കുന്നില്ല. ഒമ്പതിനായിരം വാങ്ങാനുള്ള ധനസഹായം നൽകുന്നതിനുള്ള പദ്ധതികളുണ്ട്, അത് നടപ്പിലാക്കുന്നില്ല. മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റിനുള്ള മാർജിൻമണി 1982–83–ൽ 15,000 രൂപയാണ് ഒരാളിന് കൊടുത്തത്. 1983–84–ൽ 15,000 രൂപ ഒരാൾക്കു നൽകി. 1984–85–ൽ ആർക്കും കൊടുത്തില്ല.

പല ഭവനനിർമ്മാണ പദ്ധതികളും ഈ കോർപ്പറേഷന്റെ കീഴിലുണ്ട്. 5,000 രൂപ ധനസഹായം നൽകിക്കൊണ്ട് 10,000 വീടുകൾ നിർമ്മിക്കാനുള്ള പദ്ധതി കോർപ്പറേഷനുണ്ട്. പക്ഷേ 1984–85–ൽ 862 വീടുകൾമാത്രമാണ് ഇതനുസരിച്ച് നൽകിയിട്ടുള്ളത്. 3,000 രൂപവീതം ധനസഹായം നൽകി 10,000 വീടുകൾ നിർമ്മിക്കാനുള്ള മറ്റൊരു പദ്ധതിയുമുണ്ട്. അതിൽ 1982–83–ൽ 106 വീടുകളും 1983–84–ൽ 31 വീടുകളും 1984–85–ൽ 7 വീടും മാത്രമാണ് നൽകിയത്. ഇനി മറ്റൊരു സ്കീമുണ്ട്. 5,000 രൂപവീതംനൽകി 2,200 വീടുകൾ നിർമ്മിക്കുന്നതാണത്. അതൊന്നും ഇപ്പോൾ നടക്കുന്നില്ല. കോഴിക്കോട് കോർപ്പറേഷനിൽ സ്കാവഞ്ചേഴ്സിനു വീടു നിർമ്മിക്കാനുള്ള ഒരു പദ്ധതിയുണ്ട്. ആ പദ്ധതിയും നിറുത്തലാക്കിയിരിക്കുന്നു. മാർജിൻ മണി ബാങ്കബിൾ സ്കീമാണ്. ബാങ്കുവഴി മാർജിൻമണി നൽകാൻ ഒരു പദ്ധതിയുണ്ട് അതനുസരിച്ച് 1982–83–ൽ 17 ആളുകൾക്ക് 13,000 രൂപ ധനസഹായം നൽകി. 1983–84–ൽ ഒന്നും നൽകിയിട്ടില്ല, 1984–85–ൽ ഒന്നും നൽകിയിട്ടില്ല. ഈ കോർപ്പറേഷനിലെ വിചിത്രമായ മറ്റൊരു സംഗതി 60 ശതമാനം ആളുകളും ഡെപ്യൂട്ടേഷനിൽ വർക്കു ചെയ്യുന്നവരാണ് എന്നുള്ളതാണ്, നാലുലക്ഷംരൂപ ഈയിനത്തിൽ മാത്രം അധികച്ചെലവ് ചെയ്യുന്നു. ഈ കോർപ്പറേഷന്റെ ഒരു കൊല്ലത്തെ ഭരണച്ചെലവ് നാൽപത്തൊന്നരലക്ഷം രൂപയാണ്.

LIBRARY ARCHIVES Kerala Legislative Assembly